# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3858** — **15/03/2017 ൽ മറുപടിക്ക്**

### വ്യാവസായിക ഇടനാഴി

| | | | |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.അനിൽ അക്കര** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | സംസ്ഥാനത്ത് വ്യാവസായിക ഇടനാഴി സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) & (ഡി) | കൊച്ചി - പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ജില്ലകളാണ് ഇതിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച വ്യവസായ ഇടനാഴി പദ്ധതിയിൽ കേരളത്തിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളാണ് ഉൾപ്പെടുന്നത്. |
| (സി) | ഇതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (സി) | വ്യവസായ ഇടനാഴി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായമാണ് കേന്ദ്രസർക്കാർ ലഭ്യമാക്കുന്നത്. കേന്ദ്രസർക്കാരിന്റെ വിശദ പഠനത്തിന് ശേഷം മാത്രമേ ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാവുകയുള്ളു. |

| | | | |
|---|---|---|---|
| (ഡി) | ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (ഡി) | 'എ' പിരിവിനുള്ള മറുപടിയിൽ വിശദ വിവരങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ